ശ്രീ

ശിവരാത്രിമാഹാത്മ്യം

അഥവാ

സൌദാസചരിത്രം

ആട്ടക്കഥ

"യസ്സമാംശൃണുയാന്നിത്യം കഥാമേതാം മനോഹരാം
ശ്രാവയേദ്വാ ജനോഭക്ത്യാ സയാതി പരമാംഗതിം
ഇതികഥിതമശേഷം ശ്രേയസാമാസ്പദം യം
വ്രതദുരിതഘ്നം ധ്വാന്തമോഹാന്ധകാരം।
ചരിതമമരഗേയം മന്മഥാരേരുദാരം
സതതമപിനിഷേവ്യം സ്വാസ്ഥ്യമിച്ഛദ്ഭിലോകൈഃ"

(ശിവപുരാണം.)

ഗ്രന്ഥകർത്താ

പുന്നത്തൂർ ഗോദവർമ്മ
ഇളയ തമ്പുരാൻ തിരുമനസ്സുകൊണ്ട്

കുന്നംകുളം
ടി. വി. പി. പ്രസ്സിൽ അച്ചടിക്കപ്പെട്ടത്.
22-12-1922

[illegible]ട്ടണം.) Copy right. (വില 8 അണ)

ശൌദ്ധികം

പക്കം	പംക്തി	ദുഷ്ടമുദ്രിതം	സ്പഷ്ടപാഠം
൮	൭	ചെമ്പക	മുറിയന്റെ
൯	൧	നിശ്ചയമൻ	നിശ്മയൻ
ടി	൯	ഭാഗ്യേമ	ഭാഗധേയമ
൧൧	൧൯	ദ ിപരനാം	ദ ീകരനാം
൧൩	൧൩	ഉഗ്വ്രാരാധിപ	ഉഗ്രാധിപ
൧൯	൨	മനോപശ്ഗമനസ്സ്	മനോപശ്ഗ്ഗമനസഃ
ടി	൨൦	അവ്യപിന്തന്തി	സപ്രചിന്താന്തി
൨൭	൧	അടന്ത	റിയന്ത
ടി	൬	കിള	കിളി (എല്ലാററിനും)
൩൨	൨൨	കൃന്തി	കൃസാ
൪൨	൨൧	ശശ്രൂദേ	ശുശ്രൂദേ
൫൭	൨൦	അരവ്വക്ഷിഷി	അവൈവക്ഷിഷി
൬൯	൩	ശചസഭേരി	ശചസർവണി

N. B. വിശിഷ്ടസന്ധികളെക്കൂട്ടി ഉച്ചരിക്കുകയും വേണം.

I	൨൧	ഹൃദങ്ങല്യം	ഹൃദങ്ങില്യം
II	൩൩	ആകൃതിയൻ	ആകൃതിയിൽ
III	൭	സചകാര്യമല്ല	സചികാര്യമല്ല
IV	൧൧	പ്രചിനകവികൾ	പ്രാചിനകവികൾ
ടി	൧൭	ഗണെച്ചിരി	ഗണിച്ചിരി
ടി	൨൭	ജനിക്ക	ജനിക്ക
V	൨൦	നിവത്തക്കായി	നിവൃത്തിക്കായി
ടി	൨൩	പുത്രോൽപദനം	പുത്രോൽപാദനം
ടി	ടി	ചെയ്യക്കാം	ചെയ്യിക്കാം
ടി	൨൭	മാഹാത്മതെന്ത	മാഹാത്മ്യത്തെ
ടി	൨൯	ഭാന്ദനാകത്തി	ഭാന്ദനാകിത്തി

Most Respectfully

DEDICATED

TO

HIS HIGHNESS

Sir Sree Rama Varma, G. C. I. E.

THE

MAHARAJAH OF COCHIN.

ഉപോദ്ഘാതം

൧. ആട്ടക്കഥയെപ്പററി സാമാന്യമായി

ഒരു നിരൂപണം

സ്ഥാവരജംഗമരൂപമായിരിക്കുന്ന പ്രപഞ്ചസൃഷ്ടിയുടെ ഉദ്ദേശം ഇന്നതെന്നു മനുഷ്യബുദ്ധിക്കു ഗോചരമല്ലാത്തതിനാൽ പുരാതനന്മാരായ മഹാമുനികൾ അതു മഹേശ്വരന്റെ ലീലാകൈവല്യമെന്നു മാത്രം സമാധാനിക്കുന്നു. മനുഷ്യരുടെ ശ്രേയസ്സു തന്നെയാണ് പ്രയോജനമായിരിക്കേണമെന്നല്ലോ ദൈവമതം. അവക്ക് ശാസ്ത്രീയമായ വിശദീകരണങ്ങളാണ് അതിന്നു പ്രമാണം. ശ്രേയസ്സാധനമാർഗ്ഗങ്ങൾ ഭിന്നരൂപമായി നിർണ്ണയിക്കപ്പെടുന്നതുകൊണ്ടു, മനുഷ്യരുടെ ഇന്നവിധം ഉണ്ടെന്നു തീർച്ചപ്പെടുത്തുവാൻ ശക്തി പോരാതെ ... ധർമ്മാധർമ്മങ്ങളെ വേണ്ടപോലെ തിരിച്ചറിഞ്ഞു പ്രവർത്തിച്ചുവരുന്നവർ ശ്രേയോഭാജനങ്ങളായിത്തീരുകയുള്ളു. എന്നിരിക്കെ അവരുടെ പ്രയത്നത്തെ സഫലീകരിക്കുന്നതിന്നു തന്നെ വേദാർത്ഥങ്ങളെ സംഗ്രഹിച്ചു കാണിക്കുന്ന സ്മൃതികളെ മഹർഷിമാർ നിർമ്മിച്ചു. കർത്തവ്യകർമ്മത്തെ യഥാവിധി സാധിച്ചു മനുഷ്യൻ ഇഹത്തിലും പരത്തിലും ശ്രേയസ്സിനെ ലഭിക്കേണമെന്നു വിചാരിച്ചാൽ ഉദ്ദേശ്യസിദ്ധികളായിത്തീരുന്നവെന്നു ഉപദേശിപ്പെടുത്തുകയാണു വ്യാസവാല്മീകി പ്രഭൃതികൾ പുരാണേതിഹാസങ്ങളെക്കൊണ്ടു സാധിച്ചതു. ഏതുവിഷയവും കേട്ടറിയുന്നതിനെക്കാൾ കണ്ടറിയുന്നതാണു മനസ്സിൽ പതിയുന്നതിന്നധികം എളുപ്പമെന്നുള്ളതു അനുഭവസിദ്ധമാണല്ലോ. എന്നാൽ വ്യവഹിതങ്ങളായ ദേശകാലങ്ങളിൽ നടന്ന ധർമ്മാധർമ്മങ്ങളുടെ ഫലത്തെ തദനുഗാമികൾക്കു കണ്ടറിയുവാൻ സാദ്ധ്യമല്ലല്ലോ. എങ്കിലും സാമാന്യേന അനുഭവപ്പെടുത്തുന്നതിന്നു നിർമ്മിച്ച ഒരു ഉപായമാണു നാടകം. പൊതുജനങ്ങൾ നാടകങ്ങളിൽനിന്നു ഗുണാംശത്തെ ഗ്രഹിക്കേണമെന്നല്ലാതെ ദോഷാംശത്തിനു ശ്രമിക്കയോ നാടകത്തെ കേവലം വിനോദഹേതുവായി കരുതുകയോ ചെയ്യരുതു. "കാവ്യാലാപാംശ്ച വർജ്ജയേൽ" എന്നു നിഷേധിച്ചിട്ടും അതിനെ അടിസ്ഥാനപ്പെടുത്തിയാണ്. കാലഭേദത്താൽ എല്ലാ വിഷയങ്ങളിലും ദോഷാംശം മാത്രം ശേഷിക്കുന്നതു സാധാരണമാണല്ലോ. നാടകവും കാലത്താൽ പലരെ ... പോയിട്ടുണ്ടു. തമിഴ്നാടകക്കാർ സംസ്കൃതനാടകങ്ങളിൽനിന്നു അഭിനയം എന്ന അംശത്തെ മാത്രം സ്വീകരിച്ചുതല്ലാതെ മററു യാതൊരു നിബന്ധനകളേയും അവർ അനുസരിക്കുന്നില്ല. ആ വ്യവസ്ഥാഫലമായി. ലോകകണ്ടകന്മാരായ രാക്ഷസന്മാർ നായകന്മാരായും ബീഭത്സപ്രധാനരസമായും, നിർവ്വഹണം അമംഗളമായിട്ടുമായും ചില നാടക

ങ്ങളിൽ കാണാനിടയായി. ഗ്രാമ്യഗാനങ്ങളിൽ ജനങ്ങൾക്കു വൈമുഖ്യം വന്നി
ട്ടാതായി. താരാശശാങ്കമെന്ന നാടകത്തിൽ താരയുടെ ദിഗംബരത്വത്തെക്കണ്ടു
രസിക്കാത്തവർ സ്വല്പരല്ലോ. എന്നാൽ തമിഴ്നാടകങ്ങളുടെ ജനനത്തിനു മു
മ്പായി കേരളത്തിൽ കഥകളി അല്ലെങ്കിൽ ആട്ടക്കഥ എന്നൊരു സമ്പ്രദായം
പ്രചാരത്തിൽ വന്നു. ഈ രീതിയും സംസ്കൃതനാടകജന്യമാണെങ്കിലും അതിൽ
നിന്നും വളരെ വികസനപ്പെട്ട ഒന്നാണ്. ആട്ടക്കഥയുടെ ആരംഭത്തിൽ രാമാ
യണം ഭാഗവതം ഇവ അതിനു വിഷയമായിരുന്നതുകൊണ്ടു ആവക കഥക
ളേയോ ഗ്രന്ഥകാരന്മാരേയോ ആക്ഷേപിച്ചിരുന്നില്ല. ഭാരതത്തിലെ ചില
പ്രധാനഭാഗങ്ങളെ ലക്ഷ്യമാക്കിത്തീർത്ത ചില കൃതികളും രസാവഹങ്ങളായി
രിക്കുന്നുണ്ടു. പ്രാചീനപണ്ഡിതന്മാർ വേഷവ്യവസ്ഥിതിചെയ്തിട്ടുള്ളതും യോജി
ക്കുന്നുണ്ടു. എന്നാൽ നടന്മാർ സംസാരിക്കുന്നതിനു പകരം ഹസ്തമുദ്രകളെ കാ
ണിക്കേണമെന്നു നിശ്ചയിച്ചതിനു കാരണം എനിക്കു മനസ്സിലാവുന്നില്ല. ആ
ട്ടക്കഥയിൽ അഭിമാനമുള്ള ചില കേരളപണ്ഡിതന്മാർ അതിനു ചില കാരണ
ങ്ങളെ പറയുന്നുണ്ടെങ്കിലും വിദേശീയപണ്ഡിതന്മാരെ അവ തൃപ്തിപ്പെടുത്തുന്നി
ല്ല. അവരുടെ അപ്രീതിയാൽ ആട്ടക്കഥക്കു നൃത്യനാമമൊന്നുമില്ലെന്നു പറയുന്നതാ
യാൽ പിന്നെയാതൊരു മറുപടിയും പറവാനില്ല. മുഷിച്ചുപോയ തമിഴ്നാടി
കങ്ങളെപ്പോലെ ആട്ടക്കഥയും പ്രാചീനന്മാരുടെ ഉദ്ദേശത്തിനു വിരോധമാ
യി തീർന്നിരിക്കുന്നു. ആധുനികകാലത്തിൽ ബ്രാഹ്മണരും രാജാക്കന്മാരും നാടകാ
ഭിനയത്തിൽ നിന്നുണ്ടാകുന്ന ഗുണങ്ങളെ പ്രതീക്ഷിച്ചു ആട്ടക്കഥയുടെ ഭാരവാ
ഹികളായിരുന്നുവെന്നൂഹിക്കാം. പൂർവന്മാരായ കേരളകവികൾ അഭിനയസ
മയത്തിൽ വിട്ടുകളയേണ്ടതിനു ചില അംശങ്ങളെ തങ്ങളുടെ കൃതികളിൽ എഴു
തിച്ചേർത്തിട്ടില്ല തന്നെ. നളചരിതം മുതലായ ചില കഥകളിൽ, ഓരോ ദിവസ
ത്തേക്കു ഇത്രയാവാമെന്നു നിശ്ചയിച്ചും അതാത കഥയിൽ എഴുതിയതു മു
ഴുവൻ അഭിനയിക്കപ്പെടണമെന്ന ഉദ്ദേശത്തോടുകൂടിത്തന്നെയാവണം. ഇപ്പോ
ൾ ഒരു കഥയിൽ ചില ഭാഗംമാത്രം സ്വീകരിക്കപ്പെടുന്നതേയുള്ളൂ. ഇങ്ങിനെ
ഉപേക്ഷിക്കപ്പെടുന്ന ഭാഗം കഥയ്ക്കു അനനുരൂപമാക്കിത്തീർത്തു ഗായകന്മാ
രും നടന്മാരും ആവശ്യത്തിലധികം സ്വാതന്ത്ര്യം എടുക്കുന്നതുകൊണ്ടായി
രിക്കണം. പാട്ടുകാരും കൊട്ടുകാരും തങ്ങളുടെ സാമർത്ഥ്യത്തെ പ്രകാശിപ്പിക്കു
ന്നതായാൽ പുറപ്പാടും മേളപ്പദവും, കഴിഞ്ഞു കഥതുടങ്ങാറാവുമ്പോഴേക്കു മ
ദ്ധ്യരാത്രം ആവും. പിന്നെ വേഷക്കാരൻ ശൃംഗാരപദം തുടങ്ങുകയായി. അ
തിനുമുമ്പെ സ്ത്രീവേഷത്തെ നോക്കിക്കാണണം. പിന്നെ ചില ഹാവഭാവങ്ങ
ളെ നടിക്കണം. പിന്നെ കണ്ണേ എന്നോ മറ്റോ ഒരു മുദ്ര എടുത്തു പിടിക്ക
യായി. കണ്ണന്റെ [illegible]ബന്ധത്തിന്റെ ആകൃതിയെ നീ വരും. ശൃംഗാരപ
ദം പകുതിയാക്കിത്തീർക്കേണ്ടതാണത്രെ. പാട്ടുകാരൻ തന്റെ ഊഴമായാലോ താളവട്ടം
പാടിക്കഴിയുമ്പോഴേക്ക വേഷക്കാരൻ കഷ്ടിപ്പെട്ടിട്ടായി കണ്ണുമുദ്ര കഴിച്ചുകൂ

ട്ടും. മുഖ്യോപകരണസാന്നിദ്ധ്യമുള്ളപ്പോൾ പ്രതിനിധിയെക്കൊണ്ടു കാൎയ്യം സാധിക്കേണ്ട ആവശ്യമാണു ദുൎഗ്രഹമായിരിക്കുന്നതു. "മുഖ്യാഭാവേപ്രതിനിധി:" എന്നല്ലേശാസ്ത്രം. എന്നാൽ പാട്ടുകൊണ്ടു ഭാഷയുടെ കാൎയ്യം നിവൃത്തമാവുന്നുണ്ടെന്ന സമാധാനം അത്ര സ്വീകാൎയ്യമല്ല. ഒന്നാമതു പദങ്ങൾക്കു ശ്രവണമാത്രത്തിൽ അൎത്ഥപ്രതീതി ഉണ്ടാവുന്നില്ല. രണ്ടാമതു ഗാനം നന്നാകുവാൻവേണ്ടി ശബ്ദത്തെ ദീൎഘമാക്കാനും ചുരുക്കാനും ഗായകന്മാൎക്കു സ്വാതന്ത്ര്യം കല്പിച്ചാണു, മൂന്നാമതു അവ പലത്തിൽ മുറിക്കുക. ഇതുകളെക്കൊണ്ടു വലിയപണ്ഡിതന്മാൎക്കുകൂടെ അൎത്ഥം ഗ്രഹിക്കാൻ സാധിക്കാതിരിക്കെമ്പോൾ മററുള്ളവരുടെ കഥ പറയേണ്ടതുണ്ടോ. ഭാഷാനിൎവ്വഹണം ഗാനത്താൽ സുസാധ്യമല്ലെന്നു വന്നുവല്ലൊ. വേഷക്കാരന്റെ കൎത്തവ്യത്തിൽ ഭാഷയും ചിലകാരണങ്ങളെക്കൊണ്ടു ഭാഷയെക്കാൾ മുദ്രക്കു പ്രാധാന്യമുണ്ടെന്നു തന്നെ സമ്മതിച്ചാലും, ഭാഷയുടെ ചില നിബന്ധനകളെ അതിലും സ്വീകരിക്കാതിരിക്കാൻ നിവൃത്തിയില്ല. എത്രതന്നെ സമൎത്ഥനായിരുന്നാലും ഒരു കാമുകൻ തന്റെ പ്രേമഭാജനത്തിന്റെ ശരീരാവയവങ്ങളെപ്പററി പ്രസംഗിക്കുന്നതായാലും ഭാഷയിൽ ഉപയോഗിക്കുന്ന പദങ്ങളുടെ സന്നിധിയെ ഉപേക്ഷിക്കുന്നില്ല. എന്നു വെച്ചാൽ കാമുകൻ കണ്ണേ, പുരികമേ വാക്കുകളെ പറയുന്നതായാൽ അതിന്നു നാസികേ കണ്ണേ നാസികേ അസംബന്ധമായി വരുന്നില്ല. എന്നാൽ വേഷക്കാരൻ കാമുകനായിനിന്നു [illegible] എന്ന മുദ്രകൊണ്ടു പറയുന്നതിന്നു അ[illegible] നാസിക ചുണ്ടു [illegible] ആയാൽ മുദ്രയിലറിഞ്ഞ പ്രേക്ഷകന്മാൎക്കു [illegible] ചിലഘട്ടങ്ങളിൽ ഗാനരഹിതമായ ആട്ടവും പതിവുണ്ടു. ഉത്ഭവത്തിൽ പെണ്ണാട്ടം കാളകേയവധത്തിൽ സ്വൎഗ്ഗവൎണ്ണനം, പാഞ്ചാലീസ്വയംവരത്തിൽ കൈലാസവൎണ്ണന ബകവധത്തിൽ വെകാനനവൎണ്ണന ഈവക ആട്ടങ്ങൾ കണ്ടു മനസ്സിലാക്കുന്നവർ രംഗസ്ഥന്മാരിൽ നൂററിലൊന്നുണ്ടായാൽ അതിശയം. വേഷക്കാരൻ പുതിയ ഒരു ശ്ലോകമാടുന്നതായാൽ കഥ മുമ്പുകൂടി തന്നെ വേണം, ആട്ടക്കഥയിൽ പതിഞ്ഞാനമുള്ളവരെന്ന അഭിമാനിച്ചു കളി കാണാൻ വരുന്ന സമയം ശയനസാമഗ്രികളോടുകൂടിത്തന്നെ രംഗത്തിൽ സന്നിഹിതരാകുന്നതുകൊണ്ടു അവരുടെ പതിഞ്ഞാനം സ്പഷ്ടമാകുന്നുണ്ടു. അക്ഷരോച്ചാരണമില്ലാതെ ഒരു നടൻ ചിലതു ആടുന്ന സമയം അതു കണ്ടു രസിക്കുന്ന ചിലരോടു നാം ആട്ടത്തെക്കുറിച്ചു എന്തെങ്കിലും അറിയേണ്ടതിന്നു ചോദിച്ചാൽ അതു നമുക്കു അറിവുള്ളവരാണെന്നുണ്ടായിരുന്ന മതിയെ ഉന്മൂലനം ചെയ്യുന്നതിന്നു ഹേതുവാകുന്നതേ ഉള്ളു. ഒരിക്കൽ നാട്യശാസ്ത്രജ്ഞശിരോമണിയായ ഒരു മഹാൻ ഒരു സ്ഥലത്തു വെച്ചു വ്യാസവേഷത്തെ കെട്ടിയാടുമ്പോൾ, അതു കണ്ടു രസിച്ചിരുന്ന ചിലരോടു ഞാൻ ചിലതു അറിവാൻവേണ്ടി ചോദിച്ചപ്പോൾ "സ്പഷ്ടമഗ്രേ ഭവിഷ്യതി" എന്നുമാ

ത്രമെ എനിക്കു സമാധാനം കിട്ടിയുള്ളു. എന്നാൽ അതിനയം കഴിഞ്ഞശേഷം അവർ പിന്നെയുംകൂടി സംസാരിപ്പിക്കണമെന്നും താല്പൎയവിഷയങ്ങൾ എനിക്കറിവാൻ തരമായതെന്ന ഞാൻ വിചാരിച്ചു. ഓരോരുത്തരും പലതും പറഞ്ഞു തുടങ്ങി. അവൎക്ക തന്നെ വിഷയം അതിനാൽ താല്പൎയംകൊണ്ട ഗ്രഹിക്കേണ്ടതായി വന്നു. ഇത്രയും പറയുന്നതുകൊണ്ട ഭാഷയുടെ പ്രാതിനിധ്യം വഹിക്കാൻ മുദ്രകൾ പൎയ്യാപ്തമല്ലെന്നും ഭാഷയെ സഹായിക്കാൻ മാത്രമേ മുദ്രകളെ ഉപയോഗപ്പെടുത്താവൂ എന്നും സ്പഷ്ടമാണല്ലൊ. പിന്നെ വേഷക്കാർ അനാവശ്യകങ്ങളായ ചാടങ്ങളെയും സ്ത്രീപുരുഷന്മാൎക്ക ലജ്ജാകരങ്ങളായ നടനങ്ങളെയും നിശ്ശേഷമായും ചുരുക്കേണ്ടതാണ. കരിതേച്ച വേഷം അതായത സിംഹികാനക്രതുണ്ഡിമുതലായ വേഷം കൂടുന്നുള്ള എത്രയും അരോചകമായിരിക്കുന്നു. പ്രാചീനകവികളാവട്ടെ, പുണ്യപുരുഷന്മാരുടെ ചരിത്രങ്ങളെ അഭിനയിച്ചുകണ്ട പൊതുജനങ്ങൾ അവരുടെ ആചാരങ്ങളെ അനുവൎത്തിക്കുമാറാകട്ടെ എന്ന വിചാരിച്ചുതന്നെ ആട്ടക്കഥകളെ നിൎമ്മിച്ചിരിക്കുന്നു. ശ്രൃംഗാരരസപ്രധാനങ്ങളായ ഭാഗങ്ങൾ അവർ പ്രതിപാദിച്ചത ഗുണത്തിനാകണം. അവരുടെ ഉദ്ദേശം ആട്ടക്കഥയുടെ ഭാരതീയകലാസമ്പ്രദായമനുസരിച്ച് നിറവേറപ്പെടുന്നില്ലെന്ന വ്യസനപൂൎവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഒരു കഥയെ മുഴുവനും അഭിനയിപ്പിക്കാതെ ചിലചില ഭാഗങ്ങളെ മാത്രം സ്വീകരിക്കുന്നതും യുക്തമല്ല. കുമാരസംഭവത്തിൽനിന്ന "സംഭോഗശൃംഗാരം", രാവണവിജയത്തിൽനിന്ന "രംഭാപ്രവേശം", കിൎമ്മീരവധത്തിൽനിന്ന "നല്ലാർകുലം", നളചരിത്രത്തിൽനിന്ന "വിലാസിനി", ഉത്തരത്തിൽനിന്ന "ശംബര വിധ്വംസനാരെ", ബകവധത്തിൽനിന്ന "ബാലേ കേൾ നീ", ദുൎയ്യോധനവധത്തിൽനിന്ന "വസ്ത്രാക്ഷേപം", സീതാസ്വയംവരത്തിൽനിന്ന ... സൽപുരുഷചരിത്രാനുവൎത്തനത്തിൽ പ്രവൃത്തിയും അസൽപുരുഷവ്യാപാരത്തിൽനിന്ന നിവൃത്തിയും ജനിക്കുന്നതല്ല. ഇതിൽനിന്ന യാതൊരു ഉപകാരത്തിനും വഴിയില്ല. ഇതിനെല്ലാം പുറമെ രംഗങ്ങളിൽ അങ്കിതന്മാരായ കൎത്താക്കന്മാർ പരിപൂൎണ്ണചരിത്രങ്ങൾ അഭിനയിച്ചാൽ രസാനുഭവം പരിണമിക്കുന്നതിന്ന കാരണമാകുന്നില്ല. ഈ വക നാട്യത്തിൽ വല്ലവൎക്കും രസമുണ്ടെങ്കിൽ ആ രസം ദ്രവ്യം കിട്ടിയാൽ രസമാണ കേമനം. രസമാണ ശീട്ടുകളി രസമാണ എന്നൊക്കെ സന്തോഷത്തിൽ ഘടിതങ്ങളായ ഭോഗ്യങ്ങളുടെ ആഗ്രഹാൎത്ഥത്തെ മാത്രം ദ്യോതിപ്പിക്കുന്നേ ഉള്ളൂ. അല്ലാതെ ശാസ്ത്രീയരസത്തെ മുൻപറഞ്ഞതിനും തമ്മിൽ യാതൊരു ബന്ധവുമില്ല. ഞാൻ അഭിപ്രായപ്പെട്ടതു, കഥകളിയെ പരിഷ്കരിക്കാൻ ഉത്സാഹിക്കുന്ന ചില പ്രമുഖന്മാരുടെ ആലോചനക്ക വിഷയമാകേണ്ടതാണ എന്നാണ. നാട്യവിദ്യയെ പോഷിപ്പിക്കുന്ന ഒരു മാൎഗ്ഗം സംസ്കൃതങ്ങളായ പ്രബന്ധങ്ങളെ രചിക്കുന്നതാകുന്നു. ആധുനികപണ്ഡിതന്മാരിൽ ചിലർ അവലംബമായിരിക്കുന്നതു നാട്യവിദ്യയുടെ ഇതുകളേ

ക്കുന്നു. അങ്ങിനെ ആട്ടക്കഥയെ നന്നാക്കുവാൻ ഉത്സാഹിക്കുന്ന ഒരു മാന്യനായ പുന്നൂർ ഗോദശങ്കര എളയതമ്പുരാൻ അവർകളാൽ നിൎമ്മിക്കപ്പെട്ട "ശിവരാത്രി മാഹാത്മ്യം" അഥവാ "സൌദാസചരിത്രം" എന്ന ആട്ടക്കഥയാകുന്നു ഈ ഉപോദ്ഘാതത്തിന്റെ വിഷയമായിരിക്കുന്നതു.

൨. മൂലഗ്രന്ഥങ്ങൾ.

ഈ കഥയുടെ മൂലഗ്രന്ഥങ്ങൾ മുഖ്യമായി മൂന്നാകുന്നു. സ്കന്ദപുരാണത്തിൽ ബ്രഹ്മോത്തരഖണ്ഡത്തിൽ രണ്ടുമൂന്നു അദ്ധ്യായങ്ങളിലും വിഷ്ണുഭാഗവതത്തിൽ നവമസ്കന്ധത്തിൽ ഒമ്പതാമദ്ധ്യായത്തിലും മഹാഭാരതത്തിൽ ആദിപൎവ്വം ചൈത്രരഥപൎവ്വം നൂറ്റിഎഴുപത്തഞ്ചാമതു, നൂറ്റിഎഴുപത്തെട്ടു എന്നീ അദ്ധ്യായങ്ങളിലും പ്രതിപാദിക്കപ്പെട്ട സൌദാസമഹാരാജാവിന്റെ കഥയത്രെ ഈ ആട്ടക്കഥയുടെ മൂലം. സ്കന്ദപുരാണത്തിൽ വിസ്തരിച്ചപോലെയല്ല മഹാഭാരതത്തിൽ പറഞ്ഞിരിക്കുന്നതു. വിഷ്ണുഭാഗവതത്തിലാകട്ടെ ഈ കഥ തന്നെ ചുരുക്കി സൂചനമാത്രമായി പറയപ്പെട്ടിരിക്കുന്നു. ഇങ്ങിനെ മൂന്നുപുരാണങ്ങളേയും താരതമ്യപ്പെടുത്തി നോക്കുമ്പോൾ മൂന്നു ഗ്രന്ഥകൎത്താക്കന്മാൎക്കും അവരവൎക്കുള്ള ഓരോ അഭിപ്രായത്തെ വെളിപ്പെടുത്തേണ്ടതുണ്ട്. അതിന്നുവേണ്ടി കഥയെ ഓരോ മാതൃകയിൽ അവർ ഉപേക്ഷ വരുത്തുകയും ചെയ്തിട്ടുണ്ടെന്നു തോന്നും. വിഷ്ണുഭാഗവതകൎത്താവു സൂൎയ്യവംശത്തെപ്പറ്റി പറയുന്ന അവസരത്തിൽ ഇതരപുരാണങ്ങളിൽ കാണിക്കുന്ന ഈ കഥയെ വിസ്തരിക്കേണ്ടല്ലോ എന്നു വിചാരിച്ചായിരിക്കാം ഇതിനെ ഇത്രയും ചുരുക്കത്തിൽ പ്രസ്താവിച്ചതു. എന്നാൽ സൌദാസമഹാരാജാവിന്റെ മോക്ഷപ്രാപ്തി ഗോകൎണ്ണമഹാത്മ്യപ്രഭാവേണ സാധാരണ അദ്ദേഹം ഗോകൎണ്ണത്തിൽ വെച്ചു ശിവഭജനം ചെയ്തതിനെപ്പറ്റിയും മറ്റും ഒന്നും അദ്ദേഹം പറഞ്ഞിട്ടില്ല. ആപത്തുകളിൽ ബ്രാഹ്മണൎക്ക പാത്രന്തരങ്ങളാൽ പുത്രോത്പാദനം ചെയ്യിക്കാം എന്നു സാധിക്കണം ഇതാണ മഹാഭാരതഗ്രന്ഥകൎത്താവിന്റെ ഉദ്ദേശം. വസിഷ്ഠന്റെ മാഹാത്മ്യത്തെ കാണിക്കുവാൻ വിശ്വാമിത്രനെക്കൊണ്ടു ചതിച്ചു അദ്ദേഹത്തിന്നെക്കൊണ്ടു ഒരു രാക്ഷസനെ രാജാവിന്റെ ദേഹത്തിൽ ആവേശിപ്പിച്ചു രാജാവിനെ ശക്തിയിൽനിന്നു വസിഷ്ഠപുത്രന്മാരിൽനിന്നു വഴിമാറിയില്ല എന്ന കാരണത്താൽ ശക്തിയെ കോപിപ്പിച്ചു രാജാവിനെ രാക്ഷസനാക്കി വസിഷ്ഠപുത്രന്മാരെ എല്ലാവരെയും കൊല്ലിച്ചു. വസിഷ്ഠൻ അതുകണ്ടു പ്രാകൃതനെപ്പോലെ ഇച്ഛിച്ചാവാൻ വെള്ളത്തിൽ വീണു കാലൊന്നു മരിക്കാൻ തുനിഞ്ഞു അതിനുള്ള ഉപായങ്ങളെല്ലാം നിഷ്ഫലമായി വീണ്ടും ഉടലോടെ ജീവിക്കുന്നു. ഇങ്ങിനെ വസിഷ്ഠ വിശ്വാമിത്ര കഥ അവസാനിപ്പിച്ചിരിക്കുന്നു. ബ്രഹ്മോത്തരഖണ്ഡത്തിൽ ഇതിൽനിന്നു മാറി വേറെ ഒരു വിധത്തിലാണ വിസ്തരിച്ചിരിക്കുന്നതു. ഈ ആട്ടക്കഥ ആ പുരാണത്തെ അനുസരിച്ചു ഉണ്ടാക്കപ്പെട്ട

ണ്ടാണ്. എന്നാൽ ഒട്ടുക്കൊഴികെ അവയിൽ പ്രതിപാദിതമായ വിധത്തിൽ ചില കഥ
ങ്ങൾ വ്യത്യസിക്കപ്പെട്ടിട്ടുണ്ട്. അതുകവിയുടെ സ്വാതന്ത്ര്യം എന്നു പറയാമല്ലോ.
ശിവപുരാണത്തെയും മറ്റും ആശ്രയിച്ച് ഒരു കിളിപ്പാട്ടു പുസ്തകത്തിൽ ശിവരാത്രി മാഹാ
ത്മ്യം എന്ന പേരിൽ ഒരു ഈ കഥയെ വിസ്തരിച്ചിട്ടുണ്ട്. അതുകൊണ്ട് പുരാ
ണകഥയെ ഇവിടെ സംഗ്രഹിച്ചെഴുതുന്നില്ല.

൩. അഭിധാനവിധാനം

സൌദാസനെന്നും മിത്രസഹനെന്നും കല്മാഷപാദനെന്നും മദയന്തീ
പതിയെന്നും നാലുപേരുകൾ ഈ കഥാനായകനുണ്ട്. മിത്രന്മാർ (കളത്രന്മാ
ർ) തന്റെ പത്നിയുടെ മർമ്മം സഹിക്കാനിടയായതിനാലും മറ്റും മിത്രസഹനെ
ന്നും വസിഷ്ഠനെ തിരികെ ശപിക്കാൻ കമണ്ഡലുജലമെടുത്തപ്പോൾ മദയന്തി
യാൽ സാന്ത്വനയം പ്രതിഷേധിക്കപ്പെട്ടതിനാൽ ആ ജലത്തെ തന്റെ കാലി
ന്മേൽ ഒഴിക്കുകയും അതുഹേതുവായിട്ട് കാലുകൾക്ക് ഒരു നിറഭേദമുണ്ടാകു
കയും ചെയ്കയിനാൽ കല്മാഷപാദനെന്നും മദയന്തിയെ പരിണയിച്ചതിനാൽ
മദയന്തീപതിയെന്നും വ്യവഹരിക്കപ്പെടുന്നു. സുദാസമഹാരാജാവിന്റെ പു
ത്രനാകയാൽ അപത്യാർത്ഥതദ്ധിതപ്രത്യയം ചെയ്ത് സൌദാസൻ എന്ന അഭി
ധാനവുമുണ്ടായി. ക്രിയാപുരസ്സരം സങ്കല്പിച്ച നാമധേയം ഇന്നതാണെന്ന് വി
ർണ്ണയിച്ചു പറയാൻ ഇതുകൊണ്ടൊന്നും സാധിക്കുന്നില്ല. എന്നാൽ വാല്മീ
കിരാമായണത്തിൽ സുന്ദരകാണ്ഡത്തിൽ ഇരുപത്തിനാലാമദ്ധ്യായത്തിൽ സീ
തപാതിവ്രത്യം [illegible] പാതിവ്രത്യമാതൃകകളാക്കിപ്പറഞ്ഞ കൂട്ടത്തിൽ
"സൌദാസം മദയന്തീവ കേശിനീ സഗരം യഥാ । നൈഷധം ദമയന്തീവ
വൈദേഹീ പതിമനുവ്രതാ ।।" എന്നു ശ്ലോകമായി കാണുന്നു. ആദികവിയായ
വാല്മീകിമഹർഷി ഉപയോഗിച്ച നാമം അത്രെ പ്രസിദ്ധമായ് കാണുകയാൽ
അതിനെത്തന്നെ ഇവിടെയും പ്രയോഗിക്കാമെന്ന് കവി നിശ്ചയിച്ചു. ഒരു ച
ണ്ഡാലിക ശിവരാത്രിയിൽ ഉപവാസജാഗരണാദിവ്രതനിഷ്ഠകൾ ചെയ്യാനി
ടവരികയാൽ ശിവസാലോക്യം സിദ്ധിച്ച കഥയെയും, സൌദാസമഹാരാ
ജാവിന്ന് ശിവരാത്രി മഹിമയാൽ പാപനിവൃത്തിവന്ന കഥയെയും ഇതിൽ
പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് ശിവരാത്രിമാഹാത്മ്യം എന്ന പേരും യുക്തം.

൪. ഇതിവൃത്തം

പണ്ടൊരുകാലം നളസഖാവായ ഋതുപർണ്ണന്റെ പ്രപൌത്രനായ
സൌദാസമഹാരാജാവ് മദയന്തിയെ വിവാഹം ചെയ്തശേഷം സകല വിഭ
വങ്ങളും തികഞ്ഞു സുഖമായിരിക്കുംകാലം നായാട്ടു വേണമെന്നു തോന്നുകയാ
ൽ അതിർത്തിരാജ്യങ്ങളെ പാലിക്കുന്നവനും തന്റെ കീഴിലുള്ള ഒരു ഇടപ്രഭുവും
[illegible] മന്ത്രിമാരോടുംകൂടെ കാട്ടിലെ

ക്കു പോയി. അവിടെ വേട്ടചെയ്തുകൊണ്ടിരിക്കുമ്പോൾ പണ്ഡമേസനൻ എ
ന്ന ഒരു രാക്ഷസനെ കൊന്നു. പിന്നെ രാജധാനിയിലേക്ക മടങ്ങുകയും ചെ
യ്തു. പണ്ഡമേസനന്റെ മരണവൎത്തമാനത്തെ മഖഹരൻ എന്ന അവന്റെ സ
ഹജനെ ഒരു ഭൃത്യൻ ചെന്നറിയിച്ചു. പ്രതിക്രിയ ചെയ്വാൻ തനിക്കു ശക്തിയി
ല്ലാത്തതുകൊണ്ട എങ്ങിനെയെങ്കിലും സൌദാസനെ ഒന്നു പററിക്കേണമെ
ന്നു നിശ്ചയിച്ചു ഒരു ബ്രാഹ്മണവേഷംകെട്ടി "മൎദ്ദീകരൻ,, എന്ന കൃത്രിമനാമ
വും സ്വീകരിച്ചു രാജസഭയിൽ ചെന്ന രാജാവിനെ പ്രശംസിച്ചു തന്നെ സൂദ
നാക്കി കൂടെ താമസിപ്പിക്കേണമെന്നു അപേക്ഷിച്ചു. അതിനെ അനുവദിച്ചു
രാജാവിന്റെ പാചകനായി കൂടെ താമസിക്കയും ചെയ്തു. അക്കാലത്തു, രാജാ
വ ഒരു ശ്രാദ്ധം ഉണ്മാൻ വസിഷ്ഠമഹൎഷിയെ ക്ഷണിച്ചു. വസിഷ്ഠൻ മദ്ധ്യാഹ്ന
സന്ധ്യാവന്ദനം കഴിച്ചു ശ്രാദ്ധം ഉണ്മാനിരുന്നപ്പോൾ കപടപാചകനായ മ
ൎദ്ദീകരൻ നരമാംസം കൂട്ടിയ കറികളെ വിളമ്പി. അതു രാജാവിന്റെ അറിവോ
ടു കൂടിയാണ ചെയ്തതെന്ന തെററിദ്ധരിച്ചു വസിഷ്ഠൻ രാജാവു രാക്ഷസനായി
ത്തീരട്ടെ എന്നു ശപിച്ചു രാജാവും വസിഷ്ഠനെ ശപിപ്പാൻ കമണ്ഡലൂദകം ക
യ്യിലെടുത്തപ്പോൾ മദയന്തി വളരെ കെഞ്ചിപറഞ്ഞു അതിൽനിന്നു വിരമ
പ്പിച്ചു. ആ വെള്ളം കാലിലൊഴിക്കി രാജാവു രാക്ഷസനായി എവിടെക്കൊ
ഓടിപ്പോകയും ചെയ്തു. മദയന്തി വസിഷ്ഠനെ പിന്തുടൎന്നു ആശ്രമത്തോളം പോ
യി ഉണ്ടായ കഥയൊക്കെ പറഞ്ഞു മനസ്സിലാക്കിയപ്പോൾ വസിഷ്ഠൻ പ്രതി
യാനന്തരം വാസ്തവമൊക്കെ അറിഞ്ഞതാകയാൽ ശാപത്തെ ദ്വാദശവത്സരാവധിയാക്കി
ക്കൊടുക്കയും ചെയ്തു. മദയന്തി സന്താപത്തോടെ അന്വേഷിച്ചുകൊണ്ട നാട്ടിലും
കാട്ടിലുമായി അലയുമ്പോൾ ദൈവഗത്യാ ഒരു ദേവീക്ഷേത്രത്തിൽ ചെല്ലുക
യും അവിടെ ദേവിയെ സ്തുതിക്കയും ചെയ്തു. ദേവി പ്രത്യക്ഷയായി ഗോക
ൎണ്ണത്തെക്ക പോയാൽ അഭീഷ്ടം സാധിക്കുമെന്ന ഉപദേശിച്ചു മറയുകയും
ചെയ്തു.

ഇനി കഥ തുടങ്ങുന്നത വേറെ ഒരു ദിക്കിൽ വെച്ചാണ. ഒരു വൃദ്ധച
ണ്ഡാലി, കുഷ്ഠരോഗിണിയായും ... ആയിട്ട ക്ഷുൽപിപാസാരോഗങ്ങളാൽ
നിരാഹാരയായി ... അങ്ങുമിങ്ങു മലഞ്ഞു നടന്ന ഒടുവിൽ ഒരു
ശിവക്ഷേത്രസമീപത്തിൽ മൂൎച്ഛിച്ചുവീണു ബോധമില്ലാതെ ചില ഗോ
ഷ്ഠികൾ കാണിച്ചു ... ബില്വദളങ്ങളെ എടുത്ത വലിച്ചെറിയുകയായിരു
ന്നു. ആ ദിവസം ... ശിവരാത്രി നാളായിരുന്നു. എന്നു മാത്രമല്ല ആ
ഹാരമൊന്നുമില്ലാതെയുമായിരുന്നു. ഇലകളോ കൂവളത്തിന്റേതുമായിരുന്നു.
എന്നു ... ശിവലിംഗത്തിന്മേലുമാണ. ... ശിവരാത്രി
യിൽ ശിവനെ അൎച്ചിച്ചപോലെയായി. അതുഹേതുവായിട്ട പരമസ
ന്തുഷ്ടനായ മഹേശ്വരൻ അവളെ കൈലാസത്തിലേക്ക കൊണ്ടുപോവാനാ

VIII

ശപിക്കപ്പെട്ട നന്ദികേശ്വരൻ അവരുടെ സമീപത്തിലെത്തിയതിന്റെ [illegible]
യകനാം സംഭവങ്ങളെക്കൊണ്ടു പൊറാതെയായി. ഇതറിഞ്ഞ [illegible]
ക്കൂവാൻ ശിവാജ്ഞയാൽ [illegible] ചെയ്യാമെന്നുവെച്ചു അവൾ [illegible].
ഇതു കണ്ടുംകൊണ്ടു ഗൌതമമഹർഷി വരുന്നു. ഗൌതമർഷിയും ശിവഭൃത്യ
നും തമ്മിൽ ചില സംസാരം നടന്നതിനെ ഇവിടെ എടുത്തിട്ടില്ല. ആ സം
സാരം ഈ ചണ്ഡാലിയുടെ പൂർവ്വജന്മചരിത്രത്തെപ്പറ്റിയാണ്. ഗൌതമർഷി
യെക്കൊണ്ടു ചണ്ഡാലിയെ ശുദ്ധയാക്കിച്ചെയ്യിച്ചപ്പോൾ അവൾ ഒരു ദിവ്യാംഗ
നയായി നന്ദികേശ്വരനാൽ കൈലാസത്തിലേക്കു കൊണ്ടുപോകപ്പെട്ടു. അ
വിടെ എത്തിയ സമയം അവൾക്കു പൂർവ്വജന്മകഥകളെല്ലാം [illegible] വ
ന്നു അവൾ തന്റെ ആദിജന്മചരിത്രത്തെ കഥിക്കുന്നു. [illegible]
നന്ദികേശ്വരനും പോരുന്നു. ഇതിന്നുശേഷം ഇവർ രണ്ടുപേരും [illegible] പ്രാ
പിച്ചു. ചണ്ഡാലിയെക്കൊണ്ടും നന്ദികേശ്വരനെക്കൊണ്ടും ആ [illegible] ദ്വ
ന്ദ്രനാം ചുരുക്കിപ്പറയിച്ചുള്ള രംഗസ്ഥന്മാർ മറ്റു പ്രകാരത്തിലെയായ് [illegible]
ദൃഷിയാൻ വഴിയുള്ളതിനെ ഇല്ലാതാക്കാൻ മാത്രമാണ്. മേലിൽ [illegible]
ൻ ഗൌതമനെ കാണുന്ന സമയം [illegible] വിസ്തരിക്കുന്ന
തായിട്ടാണ് പുരാണത്തിൽ. [illegible] ചു
രുക്കി ഒരു [illegible] കഴിഞ്ഞാ
ൽ പിന്നെ കഥ ആരംഭിക്കുന്നു [illegible]
നതികൾ (ബ്രാഹ്മണജാതിയാണെന്ന പുരാണത്തിലുള്ള [illegible]
ിൽ ഉത്തമജാതിക്കാർ, എന്നു വിളിച്ചു പറഞ്ഞിട്ടില്ല. [illegible]
[illegible] ചിതാരത്തിലായാണ്.) ഇവ
ർ വഴി [illegible] നടക്കയാണ്. അപ്പോൾ ഒ
ന്നുമ രാജാവു രാക്ഷസനായി [illegible] ചെയ്യുന്നതെന്നുള്ള കഥ ഓർമ്മയു
ണ്ടായി. ആ വിവരം [illegible] ഭർത്താവിനെ അറിയിക്കുന്നു. ഭർത്താവ അവ
ളെ സമാധാനപ്പെടുത്തുന്നു. ആ അവസരത്തിലാണ് രാക്ഷസനായ സൌദാ
സൻ കണ്ടുതാങ്ങാതെ അവരുടെ അടുത്തു വന്നു പുരുഷനെ പിടിച്ചു തിന്നുന്നു.
ഭാര്യ വളരെ ന്യായങ്ങൾ പറഞ്ഞു തടുക്കുന്നതൊന്നും പുരാണത്തിൽ പറഞ്ഞി
ട്ടുള്ളതിനെ ശ്ലോകത്തിൽ കഴിച്ചിരിക്കയാണ്. രാക്ഷസൻ ഉടനെ അതു തി
ന്നാതെ തടയാൻ കഴിയുന്നതിന്നു ശ്രമിക്കാതിരിക്കയില്ലെന്നു ഊഹിച്ചുകൂടിയ
തെല്ലോ. ഈ സ്ത്രീയോട തന്റെ അഭിപ്രായത്തെ ഇന്നു പറയുന്നു. [illegible]
ൽക്കു അവസാനംവരെ [illegible]. ആ സ്ത്രീ
യാണെങ്കിൽ തന്റെ അനാഥത്വത്തെ ഓർത്തു [illegible] രാക്ഷസ
നെ വഞ്ചിക്കയാണ ചെയ്യുന്നത. ഭർത്താവിന്റെ സംസ്കാരം കഴിഞ്ഞാൽ താൻ
ഭാര്യയായിരിക്കാമെന്നു പറഞ്ഞ സൌദാസനെക്കൊണ്ടു സംസ്കൃതി ചെയ്യി
ച്ചു പ്രാണത്യാഗം ചെയ്യുന്നു. (ഉടനെ ചാടി മരിക്കുകയാണെന്ന പുരാണത്തി

ൾ പറയുന്നുണ്ടു.) പാൎക്കു സംസ്കാരവും ഇവളുടെ മരണവും "ശ്ലോകത്തിൽ കഴിയും", എന്നാൽ പ്രാണത്യാഗത്തിനു മുമ്പെ രാജാവിനെ ശപിക്കുന്നുണ്ടു. ഭാൎയ്യയെ ഋതുകാലത്തിൽ തൊട്ടാൽ നശിക്കുമെന്നാണു പുരാണത്തിൽ. ഈ ആട്ടക്കഥയിൽ വളരെ ദുഃഖമനുഭവിക്കട്ടെ എന്നു മാത്രമേയുള്ളൂ. അതിനുശേഷം സൌദാസന്റെ വിപ്രവധം കൊണ്ടു താനൊരു സ്ത്രീയെ ഭക്ഷിക്കാത്തതിനാൽ ബ്രഹ്മഹത്യ പിന്നെയും അനുഗമിച്ചും നടക്കുമ്പോൾ ഗൌതമനെ കണ്ടു തന്റെ അവസ്ഥയെ അറിയിപ്പിക്കയും അദ്ദേഹം ഗോകൎണ്ണത്തിൽ ചെന്നു ശിവസേവ ചെയ്യാനുപദേശിക്കയും ചെയ്യുന്നു. ചണ്ഡാലിയുടെ കഥ മുഴുവനെയും ഗൌതമൻ മുഖേന പറയുന്നുണ്ടു. അതു കേട്ടു രാജാവു ഗോകൎണ്ണത്തിൽ ചെന്നു ശിവരാത്രി നോറ്റു ശിവസ്തുതി ചെയ്യുന്നു. ശിവൻ പ്രത്യക്ഷമായി പൂൎവ്വസ്ഥിതിയിലാക്കി കൊടുക്കുന്നു. അതു കഴിഞ്ഞു തിരിച്ചു പോകുമ്പോൾ തന്റെ ഭാൎയ്യയെ വഴിയിൽ വെച്ചു കണ്ടു തന്റെ ചരിത്രം പറഞ്ഞു കേൾപ്പിക്കുന്നു. ഭാൎയ്യ താൻ ശാപമോക്ഷത്തെ വാങ്ങിയ കഥമാത്രം പറഞ്ഞു രാജാവിനെ തന്റെ ശത്രുനാശനത്തിനായി പ്രേരിപ്പിക്കുന്നു. രാജാവും ഭാൎയ്യയുംകൂടി രാജധാനിക്കു കളുകണ്ട ഒടുവിൽ തന്റെ ശത്രുവായ മഖഹരന്റെ ആരണ്യത്തിൽ വന്നപ്പോൾ രാജാവിന്നു പൂൎവ്വാപരാധസ്മരണഹേതുവായിട്ടു അപൂൎവ്വമായ രോഷമുണ്ടായി മഖഹരനെ യുദ്ധത്തിനു വിളിക്കുന്നു. അവനുമായി യുദ്ധം ചെയ്തു അവനെ ഹിരണ്യനെ നരസിംഹം എന്ന പോലെ നിഹനിച്ചു ഇതിനിരയായിരുന്ന പൌരന്മാരുടെ സ്വത്താപഹൃത്സന്മാൎഗ്ഗങ്ങളായ ആ ശിഷ്ടകളാൽ ശോഭനായി വിളങ്ങി.

൩. സംഗീതം

സംഗീതവിഷയത്തിൽ എനിക്കു ഒരു പരിജ്ഞാനവും ഇല്ല. അതുകൊണ്ടു ഞാനു ഈ ഭാഗം തന്നെ ലഘുവായി പറഞ്ഞു കഴിക്കുന്നതിൽ എന്നോടു വിജ്ഞന്മാർ വൈരസ്യം തോന്നാതിരിപ്പാനപേക്ഷ. മദ്ധ്യമകാലഗാനങ്ങളാണു പ്രായേണ എല്ലാം പരിജ്ഞപദം ഒന്നോ രണ്ടോ മാത്രമേ ഉള്ളു. അതു ഒഴിച്ചു ഒടുക്കന്നു വെച്ചു ഭംഗിയായി തോന്നും.

നളചരിതത്തിലെ വൎണ്ണനകളിൽ അധികം പാട്ടുകൾ ഇതിൽ ഉള്ളതുകൊണ്ടു രംഗത്തിൽ ഒറ്റ കാണിക്കാൻ അധികസമയം എടുക്കാൻ തരമാവുകയില്ലെന്നു ഒരു സമാധാനമുണ്ടു. ബിഹാഗ (ഇതു കേവലം ബിഹാഗല്ലല്ലോ) ആരഭി, ദ്വിജാവന്തി, ഇവ ആട്ടക്കഥകളിൽ അപൂൎവ്വങ്ങളാണു. കാനക്കുറഞ്ഞും ഇതുപോലെ വേറെയും ചില പഴയ രാഗങ്ങളും കാണാനില്ലാതാനും, ഹന്തമഹാപാപ എന്ന ഗാനം ഒന്നു മാറ്റി ഉണ്ടാക്കിയാൽ നന്നു ശങ്കരാഭരണത്തിൽ പോക്കു വിളി എങ്ങിനെയോ ഇരിക്കുന്നു. നളചരിതക്കാരുടെയാണെന്നും തോന്നുന്നു.

ഇടശ്ലോകങ്ങൾ കുറെ അധികമാണു. അതതു വെച്ചു ഇത്ര അധികം പ്രാവ
ശ്യം ഇടശ്ലോകം ചൊല്ലിക്കുന്നതു സാധാരണമല്ല. രാഗധരന്മാർ രാഗം വിസ്ത
രിക്കാതെ പാടിയാൽ നന്ന

൧൦. സാഹിത്യം

ഇനി ഈ കൃതിയിലെ സാഹിത്യത്തെപ്പറ്റി ഒരു വാക്കു കൂടെ പറഞ്ഞു ദീ
ർഘിക്കുന്ന എന്റെ ഈ ഉപന്യാസത്തെ അവസാനിപ്പിക്കാം. കവിതയുടെ
സ്വഭാവത്തെപ്പറ്റി പറയുന്നതായാൽ വിശ്ലിഷ്ടപദാ ദിഷ്ടദോഷാവഹങ്ങ
ളായ പദ്യങ്ങൾ കുറെ അധികം തന്നെയാണു എങ്കിലും ഇവകൾ കവിയുടെ
തങ്ങളുടെ ചമൽക്കൃത്യതിശയഫലങ്ങളാകയാൽ ആക്ഷേപാർഹങ്ങളാകുന്നില്ല. അ
നലങ്കാരപ്രചുരങ്ങളായ ശ്ലോകങ്ങളിൽ അനുപ്രാസം തുടങ്ങിയവയുടെ ഗുണങ്ങളു
ടെ സൌകര്യത്തിനു വേണ്ടി ചില അസാധാരണപ്രയോഗങ്ങൾ ഇല്ലെന്നില്ല. ദ
ശമുഖന്റെ പ്രകരണത്തിൽ ദശാസ്യ എന്ന അനുവൃത്തിയുള്ള ഉപക്രമം അ
ധുനാ പ്രയോഗിക്കപ്പെടുന്നതു പരക്കെ സമ്മതമായി എന്നു വരികയില്ല. കേരള
കവികൾ ഇങ്ങിനെ ധാരാളം പ്രയോഗിക്കുന്നതു നന്നല്ലെന്നാണു എന്റെ അ
ഭിപ്രായം. ചരമംതോല്പ്രാസിശം എന്ന ശ്ലോകത്തിൽ വിധിപര്യായങ്ങളെ
പ്രകൃതാർത്ഥത്തിനു അനുരൂപമായ വിധത്തിൽ പ്രയോഗിച്ചതു എന്തൊരാല
ങ്കാരികനും അഭിനന്ദിക്കാതിരിക്കയില്ല. ഉദ്യത്തരംഗം, പാഥോദസരാംശ എ
ന്ന തുടങ്ങിയ യമകങ്ങളും ഹരിഹരസമാഗമവർണ്ണം സാധാരണങ്ങളായ ശ
ബ്ദാലങ്കാരം എന്ന തുടങ്ങിയ ശ്ലിഷ്ടവിശേഷണങ്ങളടങ്ങിയ ശ്ലോകവും ക
വിയുടെ വാസനാതിശയത്തെ വെളിപ്പെടുത്തുന്നുണ്ടു. സ്വധാശീതിലിനാം ഇത്യാ
ദി അപ്രസിദ്ധപദങ്ങൾ മാലേ വേലേ എന്നിത്യാദി നിരർത്ഥപദങ്ങളെന്നാ
ൽ വിശിഷ്ടങ്ങളെന്നു മാത്രം വെച്ചു സമാധാനിക്കാം. ശ്രീമാനിന്ദ്രോ നമോന്തം
എന്ന കഥാരംഭശ്ലോകത്തിൽ നമ്പൂതിരിമാരുടെ സന്ധ്യാവന്ദനാന്തത്തിൽ നാലു
ദിക്കിലും തിരിഞ്ഞു ഇന്ദ്രയമവരുണസോമന്മാരെ ആരാധിക്കുന്ന സമ്പ്രദായം
കണക്കാക്കി ആ പദങ്ങൾ പ്രകൃതാനുരോധേന നിർദ്ദേശിച്ചതും ശ്രീമത
ന്ത്യാതരേഖം മാറം വളരെ ഹൃദയംഗമമായിരിക്കുന്നുണ്ടു. ദേവദാസനാദ
ശപൻ എന്നിത്യാദി പുറപ്പാടു കഴിഞ്ഞ ദിക്കിൽ തന്നെ രാമാവല്യപഥീനത
എന്നു തുടങ്ങിയ കഠിനശ്ലോകം വായനക്കാരുടെ ഹൃദയത്തെ പാടപെടായ്മ
നമാക്കിയിട്ടുണ്ടു. ഉല്ലേഖപാരിശ്രമേഷു, കാദ്രവേയാഃ എന്ന രണ്ടു ചുകന്ന
ദികളുടെ ശ്ലോകങ്ങളും വിരസയോഗ്യങ്ങളായിരിക്കുന്നുണ്ടു. ആ സാന്ദ്ര
ഭ്രാതൃഭൃത്യം എന്നതിൽ ഭള്ളികരഎന്ന കപടനാമം കൊടുത്തതും പ്രകൃതാർത്ഥ
ദ്യോതകമായിരിക്കുന്നു. ചട്ടകത്തെ കയ്യിൽ ധരിച്ചവനെന്നും നിന്നെ നശിപ്പി
ക്കാൻ വിഷമേറിയ ഉഗ്രസർപ്പതുല്യനാണെന്നും രാജാവിനെ ധരിപ്പിക്കാൻ പ

ത്ഥ്യാപൂർവ്വമായിരിക്കുന്നതിനാൽ അഭിനന്ദിക്കാതെ കഴിയില്ല. രാജാവിന്റെ ഔ ദാര്യത്തെ പ്രശംസിപ്പാൻ ദർവ്വീകരൻ പ്രയോഗിച്ച "ദാനവീരനിന്റെ" എന്നരണ്ടു പദങ്ങൾ ശബ്ദാർത്ഥവൈചിത്ര്യാതിശയങ്ങളോടു കൂടിയവയാണെങ്കിലും കവികല്പിതങ്ങളായ പ്രയോഗങ്ങളുടെ സമ്പ്രദായത്തിലും എത്രയോ കവിഞ്ഞു പോയിരിക്കുന്നു. ക്രോധികത്വം, പൌരസ്ത്യം, സ്വാപതേയം, നിശ്ശ്രീകർണ്ണം. ഇത്യാദി ചില കഠിനപ്രയോഗങ്ങൾക്കു ഒരു ടിപ്പണികൂടെ വേണ്ടിവരുമെന്നു ഞാൻ ശങ്കിക്കുന്നു. ഭണ്ഡകം അധികാർത്ഥങ്ങളുള്ളതും തന്ത്രരൂപങ്ങളായ പാദങ്ങളോടും കൂടിയിരിക്കുന്നതുകൊണ്ടു രസികന്മാരുടെ ഹൃദയാവർജ്ജകമായിരിക്കുമെന്നതിന്നു സംശയമില്ല. ഉർവ്വരാധിപ കന്ധ.ബിന്ദി എന്ന ശ്ലോകം ദ്വിതീയാക്ഷരപ്രാസഭംഗത്തിനു ഒരു ഉത്തമോദാഹരണമാണെന്നു പറയാം. നിപാതങ്ങളെ വേണ്ടേടത്തും വേണ്ടാതേടത്തും ചേർക്കുന്ന സമ്പ്രദായം ഈ കവിതയിൽ വളരെ ദുർല്ലഭമായിട്ടു കാണുന്നുള്ളൂ. സാധാരണ ഭാഷാശ്ലോകങ്ങൾ വായിച്ചാൽ നിപാതത്തിന്റെ അർത്ഥം ദ്വിതീയാക്ഷരപ്രാസരക്ഷയ്ക്കു കേരളകവികൾ പാദപൂരണാർത്ഥമായി പാത്രഭൂതങ്ങളായ നിപാതം എന്നു പറയേണമെന്നു തോന്നാറുണ്ടു. അനേകവാലയസംശയമെന്ന്യ ലസദ്ദൃഷ്ട്യാപൃഷ്ഠം ഈ ശ്ലോകത്തിൽ വരുന്ന പദങ്ങൾ പാദപൂരണത്തിന്നു വേണ്ടി ചേർത്തവയോ എന്നു തോന്നും. എങ്കിലും അർത്ഥപുഷ്ടി ഗ്രന്ഥാന്തഗതമായിരിക്കുന്നതു ഗൌതമമുനിയുടെ പ്രവേശനശ്ലോകത്തിൽ തപോനിധി എന്നു തുടങ്ങിയ പൂർവ്വാർദ്ധം സാധാരണമായിരിക്കെ ഉത്തരാർദ്ധം അനിതാകാണ്ഡഗാത്രബന്ധസന്തഃ എന്ന സമസ്തപദത്താലതിനോടനന്തരമെ വിട്ടുപോയി ബഹുളിഹിമ്ലാന ഉൽകടതാബീജം. ഗൌതമന്റെ ശിവഭക്ത്യതിശയത്തെ കാണിക്കുന്ന കഥയെയാണു എന്ന പദം തന്മൂലം അവർകളുടെയും ശിവഭക്തിയെ സൂചിപ്പിക്കുന്നതോടു കൂടെ ശ്രോതാക്കന്മാർക്കും ശിവഭക്തിരസം മനസ്സിൽ ജനിപ്പിക്കാൻ പര്യാപ്തമായൊന്നാണെന്നു കൂടെ പറയട്ടെ. പാര്യാദസൌ എന്ന ചക്രബന്ധം കവിനാമനിർദ്ദേശം കൂടാതെ കാവ്യനാമാങ്കിതമാക്കി മാത്രം രചിച്ചതാണെങ്കിലും കവിയുടെ ബന്ധനിർമ്മാണ ചാതുര്യത്തെ വിശദീകരിക്കുന്നുണ്ടു. ഗോകർണ്ണമീയുഷീ ഖ്യാതം എന്ന മുരജബന്ധം നാമാങ്കിതമായിട്ടുണ്ടെങ്കിലും അതു ഇത്ര തന്നെ ശരിയായിട്ടില്ല. ശശിജിതകളഹംസി എന്നുള്ള പദത്തിൽ ബാലിശ്യാദിഗുണങ്ങളും ഉണ്ടെന്നു വരികിലും രസികന്മാരായ കവികളുടെ പ്രയോഗത്തിൽ കാണപ്പെടുന്ന ഉപഭിന്നതയെന്നുള്ള പദത്തെപ്പറ്റി വ്യസനിക്കേണ്ടിയിരിക്കുന്നു. യാവജ്ജീവമെന്നുള്ള ശ്ലോകത്തിൽ മോചാഗ്രദിമപരിമുഷാ എന്നുള്ളതു "വാചാ" പദത്തിന്റെ വിശേഷണമായി യോജിച്ചിരിക്കുന്നില്ല. വാക്കിന്നു മോചാഫലങ്ങ

ണ്ടാ മാധുര്യത്തെ ആവശ്യപ്പെടുന്നതല്ലാതെ മൃദിമാവിനെ കവികൾ ആവ
ശ്യപ്പെടുന്നതായി കാണാറില്ല. മൃദിമൻ എന്നുള്ള മാർദ്ദവപര്യായത്തിന്റെ
അർത്ഥം മാധുര്യമെന്നു വിവക്ഷിതമാണെങ്കിൽ ആക്ഷേപമില്ല താനും. ര
ഞ്ജിതമെന്ന പാദത്തിൽ മാനമണി എന്നു മാനത്തിൽ മണിപദത്തെ ആരോ
പണം ചെയ്യുന്നതിന്റെ ഫലം എന്തെന്നു മനസ്സിലാകുന്നില്ല. തപോദ്യമാകർ
ന്ന്യ എന്ന ശ്ലോകത്തിൽ പ്രേതസംസ്കാരം എന്നുള്ള പദം കാവ്യങ്ങളിൽ വി
ശേഷിച്ചും ദൃശ്യകാവ്യങ്ങളിൽ പ്രയോഗാർഹമാണെന്നു തോന്നുന്നില്ല. അഥ
വാ സകല മംഗളാവഹമായിരിക്കുന്ന ശിവകഥയിൽ ഏതാദൃശങ്ങളായിരിക്കു
ന്ന പ്രയോഗങ്ങളും ദോഷാവഹങ്ങളായി വരുന്നതിനു വഴിയില്ലല്ലൊ. ര
ക്താലങ്കാരമെന്ന ശ്ലോകത്തിൽ മനഃകാരിണികളും ഉണ്ണിദികളും സംയോജനങ്ങ
ളായ വിശേഷണങ്ങളുടെ വിന്യാസം അതിരമ്യമായിത്തന്നെയിരിക്കുന്നു. മ
ണിതാമൃതമകാനേത്രം എന്നിത്യാദിബന്ധങ്ങൾ അർത്ഥഭംഗിയിഷ്ടങ്ങളായും ശ
ബ്ദാർത്ഥാലങ്കാരപ്രചുരങ്ങളായുമിരിക്കുന്നു. ഗോകർണ്ണനാഥമഹാബലേശന്റെ
എന്നു തുടങ്ങിയ പദങ്ങൾ ഭഗവാനെ ഭക്തിപുരസ്സരം കേശാദിപാദാന്തം വ
ർണ്ണിക്കുന്നവയും ഭക്തിരസപരിപൂർണ്ണങ്ങളും ശൈലിപ്രസാദത്തെ പ്ര
ത്ഥിക്കുന്നതിനു പര്യാപ്തങ്ങളായുമിരിക്കുന്നു. ഗോകർണ്ണമിന്ദുഷഃ എന്ന ശ്ലോ
കത്തിൽ പ്രഥമപാദം മുതൽ ക്രമത്തിൽ പ്രഥമദ്വിതീയതൃതീയാക്ഷരങ്ങളാലും
ചതുർത്ഥപാദത്തിൽ ചതുർത്ഥപഞ്ചമാക്ഷരങ്ങളാലും ഗോവരേശ എന്നുള്ള
പേർ ഘടിതമായി വരുന്നതും അറിയേണ്ടതായിരിക്കുന്നു. കാന്താക്ഷകികയാ
എന്നുള്ള ശ്ലോകത്തിൽ വ്യാകരണപ്രയോഗങ്ങളെ അധികമായി പ്രയോഗി
ക്കാൻ ശ്രമിച്ചുകവി "ദ്വാരപാലകഹരഃ" എന്നുള്ള പദങ്ങൾ വിശേഷ്യവി
ശേഷണങ്ങൾ അല്ലെന്നു കാണിക്കുന്നതിനു ചകാരത്തെ ഉപയോഗിക്കാഞ്ഞ
തു നന്നായില്ല. സോമസൂര്യാഗ്നിൽപാദാ എന്നഗാനത്തിലെ ഗാർഹസ്ഥ്യസൌ
ഖ്യം സ്പൃഹണീയം തന്നെ. ഭാഷാപദങ്ങളിൽ സംസ്കൃതപദങ്ങൾ ചില്ലു
കളിൽ ഉദ്ദേശ്യങ്ങളായില്ലെന്നില്ല നിധിയൂക്ഷരം, മിഥിന്താസി, പ
ഥികല്ലം ഇത്യാദിയിനേരക കാളിദാസാദികളും വാല്മീകികളെ ന്നവ
ളിച്ചു നഷ്ടിക്കു, സംബന്ധങ്ങളായ കാന്തായ കാന്തായ എന്നു തുടങ്ങിയ അ
നേകയമകങ്ങളുടെയും ശ്ലേഷങ്ങളുടെയും കൂട്ടത്തിൽ പൂർവ്വന്മാരുടെ ചില ശ്ലോക
ങ്ങളും വന്നുപോയതിനെപ്പറ്റി ഞാൻ അത്ഭുതപ്പെടുന്നില്ല. കേരളത്തിൽ കവി
തിലകന്മാരെന്ന പ്രസിദ്ധിനേടിയ ചിലകവികൾ എത്രയോ സംസ്കൃതശ്ലോ
കങ്ങളെ ലേശംപോലും ആശയഭേദം വരുത്താതെ പരിഭാഷപ്പെടുത്തി തങ്ങ
ളുടെ സ്വന്തം എന്ന വിധത്തിൽ അഭിമാനിച്ചു കൊണ്ടിരിക്കുന്ന സ്ഥിതിക്കു ഇങ്ങി
നെയുള്ള സംഭവത്തെപ്പറ്റി ആക്ഷേപിക്കുവാനോ അത്ഭുതപ്പെടുവാനോ ഇ

ഞ്ഞ ഔചിത്യരഹിതങ്ങളായ കല്പനകൾ വേണ്ടാത്ത വേഷങ്ങളെ കൊണ്ടും കൊണ്ടു പാടല്യ ഈ പദ്യത്തെ ബാധിച്ചിട്ടില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അർത്ഥഗൌരവവും ശബ്ദപ്രസന്നതയും അലങ്കാരവൈശിഷ്ട്യവും ശ്ലേഷഭംഗിയും പ്രയോഗവൈചിത്ര്യവും നിറഞ്ഞതായ ഈ കൃതിയിൽ സംഗീതസാഹിത്യങ്ങളിൽ ഒരുപോലെ പാണ്ഡിത്യമുള്ള വിദ്വാന്മാർ സ്വയം അറിയുന്നതിനിടയുള്ളതിനാൽ [illegible] വിവരണവും ചെയ്യാൻ ഞാൻ ശ[illegible] പറഞ്ഞു കൊള്ളുന്ന ശ്രുതിമാത്രം നല്ലവണ്ണം [illegible] ഗാനത്തിൽ പ്രയോഗിക്കാവുന്നതു പ്രത്യേകം എടുത്തു പറഞ്ഞു കൊള്ളുന്ന ഈ അവസരത്തിൽ [illegible] പോലെ കവിതയാസ്വാദകന്മാരാകുന്ന ശ്രീമാന്മാർ [illegible] വിനയം [illegible] കൃതികർത്താക്കന്മാരിൽ [illegible] കവികളും ഗ്രന്ഥം വായിക്കുന്നവരും [illegible] ഈ ഉപോദ്ഘാതത്തെ അവസാനിപ്പിക്കുന്നു.

-ശുഭം-

ഗുരുവായൂർ.
1-11-1922 } സംഗീതവിദ്വാൻ, എൻ. എസ്. കൃഷ്ണയ്യർ

വന്ദനശ്ലോകങ്ങൾ

൧. യദ്ദാനോദകപാനമത്തമധുപാഃ കണ്ഠേ ഭുജായീവിഭ്രമെനെ
തസ്ഥുർന്നാഃ കിലമസ്തകോപരിലുഠത്തത്സൂര്യഭാകാന്തയാ।
തദ്രാക്ഷസ്രജമാബിഭർഷി ശിരസീത്യുച്ചോദ്യചാലിംഗിതോ
വല്ലഭയാ നിമേശിലാവനപതിർദ്ദേവ്യാ പ്രസന്നാനനഃ

൨. യേകേചിത്സ്വമനോജ്ഞിതം പദയുഗം സംസേവ്യ വാഗീശ്വരി
ഉച്ചാരസ്സമനോജ്ഞിതം നതുപദം കിന്തുത്തമാംഗം തവ।
തൽഹൃദ്യത്തരലാക്ഷമദ്യചരണം ഛേകീയമാനസ്യമേ
കിന്നോദ്യത്തരലാക്ഷമാനനമുഖേ ഭോ മോദായ നേത്രായ ചനി॥

൩. ശംഖോല്ലാസിഗളേ മുകുന്ദവിധിമുഖ്യച്ഛായികേ കല്പപ
സ്യദ്ഭോലപ്രപദേ ദയീകൃതരതേ നാഥ്യാന്തിലപരേക്ഷണേ।
ശ്രീവിദ്യേ മകരധ്വജാശ്രിതമഹാപാതാടവീനായികേ
ബോദ്ധ്യാനിധിഗാത്രിമേ പ്രതികലം സർവ്വാർത്ഥസിദ്ധിപ്രദാ॥

൪. കാളീകാളാംബുദാളിപ്രതിനവസുഷമാ
സർവ്വധൂർത്തിജനാളീ
കേളീനിർല്ലൂതഖഡ്ഗസ്ഫുരിതനിശമന
ത്രസ്തനാകാരിപാളീ।
നാളീകാക്ഷാജജിഷ്ണുപ്രമുഖസുരലസൽ
കല്പവല്ലീമയൂളി
കേളീസൗധായമാനേ മമമനസി നതി
നള്ളു പുണ്യപ്രതോളീ॥

൫. ദോഷ്ണാദധൽകമലമബ്ധിജയാശ്രിതായാ
ശ്ലിഷ്ടാഗളേകിലവിനായകചിത്രിതാങ്ഗഃ।
നാഗേന്ദ്രഭൂഷിതഉമാധിപവച്ചകാസ്തു
സഹ്യാന്തേഹരിഗ്ഗപുരമന്ദിരവാസശീലഃ॥

൬. മായാമയോപ്യന്തരനന്തഭേദ
ച്ഛായാമയോപലവമേഞ്ജയഃ।
പായാത്സുരാമോമദനാഭിരാമോ
പായാത്സുരാമോദ്വിഷതാംവിരാമഃ॥

൭. ലങ്കാമർദ്ദനനിർദ്ദയോപിസദയോനാഗ്രേ ഷുഭക്തേഷ്വയോ
വാരാശേസ്സരിതാപിരാമപദഭക്ത്യാംഭോധിമഗ്നോല്ലസം।
സീതാശോകഹരോപ്യശോകഹരണോനായോക്ഷാപിചൂഡാ
മണേ
ദാസ്യാകീനവിപത്തതേർവ്വിഘടിതാരാരാജ്യതാംമാങ്ഗതിഃ

൮. സ്വധാദിഭിർവീനാംതിപുഷ്യാതവീര്യം
മുധാകൃത്യയോദേദിവീൽപുഷ്ടധൈര്യം।
വിധാത്രാദിദേവൈരഹല്യാമൃതാര്യം
ദധാമ്യാത്മനിസ്കന്ദമാശ്ലിഷ്ടഭാര്യം॥

൯. അന്യോന്യംസമുപാശ്രിതൌഹരിഹരൌ സപസപാദിലാ
ഷാപുരാ
ന്സർവ്വംസാധ്വനതജ്ജാത്യഭാവഭവതാം നൈവസപത്നൌ
ധ്രുവാ।
തദ്രുപഞ്ചപാർശ്വദിതസ്യതത്രഭവതഃശാസ്തുസ്സമഃകഃപുന
സ്ഥാദ്യക് സർവ്വമഹാൻഭവാംസ്തുശമലംദായാച്ഛ്രേയാംസിമേ॥

൧൦. കാളാംഭോദസഭക്ഷശോഭമരിഹൃദ്ഗർവ്വസർവ്വംകഷ
ഭാഷ്ലിഷ്ടക്ഷുരികാവിരാജിതകരംദേവംകിരാതാത്മജം।
വക്ത്രാംഭോജഹസംസ്ഫുരത്സ്മിത മധുവ്യാസക്തഭൃംഗാ
യിത
ശ്മശ്രുശ്രേണിമമീഷയംഭുവിശികഞ്ഞികർമ്മഹേശംഭജേ॥

൫. പ്രജാരഞ്ജനതൽപരൻ—വിഭഞ്ജിതപരൻ।
ജരാരഹിതശരീരൻ—ധീരൻദാനവീരൻ॥

൬. പൂജിതപൎവ്വതകന്യൻ—വിടപജനമാന്യൻ।
ഭ്രാജിതകീൎത്തിമാൻധന്യൻ—ഏതദിനമൈന്യൻ॥

തോഡി ചെമ്പട

൭. മദയന്തീനാമബാലാ—ലാവണ്യകരാലാ।
വദനാദ്യതേജശ്ശാലിലാ—തൽപ്രിയാസുശീലാ॥

(പുറപ്പാട കഴിഞ്ഞു)

നവരസം ചെമ്പട

രോമാവല്യുപഹീനതാകടിപുരോഭാഗം ചയസ്യാസ്സുരോഃ
പ്രാസാദീയമദഃസ്ഥലീംതുലയതിപ്രസ്യന്ദിഫാസാഗ്രതേ ।
നൈരന്തര്യനികിമക്ഷിചാതകഗണാനുഷ്ണംസാന്ദ്രസ്തതാസാതജ
ന്ത്വാംരാത്രാവുദസീഷഹൽമൂൎദ്ധഗിരാദ്ധ്യസ്തുംകലാംമാധവീം ॥

പല്ലവി

മാനേലുംമിഴിമാർമൌലേ, ബാലേ
